**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 477** **23-07-2021 - ൽ മറുപടിയ്ക്ക്**

**കനോലി കനാൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കനോലി കനാൽ വീതികൂട്ടുന്നത് സംബന്ധിച്ച പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ? | (എ) | കോഴിക്കോട് നഗരത്തിലൂടെ കടന്നു പോകുന്ന കനോലി കനാൽ ജലഗതാഗതത്തിന് ഉപയുക്തമാകും വിധം നവീകരിക്കുന്നതിന് നിലവിലുള്ള നിരവധി പാലങ്ങൾ ഉയർത്തേണ്ടതും, നഗരത്തിൽ നിന്നുമുള്ള മലിനജലം കനാലിൽ എത്തുന്നത് തടയുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തേണ്ടതുമുണ്ട്. നിലവിലെ കനാൽ ചില ഭാഗങ്ങളിൽ 14.00 മീറ്ററെങ്കിലും വീതിയിൽ പുനർനിർമ്മിക്കേണ്ടതും അതിനനുസൃതമായി കനാൽ പാർശ്വങ്ങളിലെ റോഡുകളും പാലങ്ങളും പുനഃക്രമീകരിക്കേണ്ടിയും വരും. ഇതിനാവശ്യമായ സാങ്കേതിക കാര്യങ്ങൾ വിശകലനം ചെയ്ത് വിശദമായ ചർച്ചകൾക്ക് ശേഷം മാത്രമെ കനാൽ വീതി കൂട്ടുന്നതിനാവശ്യമായ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ